22/2/2020

DESPATCHED On...05/06/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001


ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic@kerala.nic.in


ഹർജി നമ്പർ AP. 2257 (2)/2019/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ 16276/എസ്.ഐ.സി-ജി6/19)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.പി.പി.വിഷ്ണുദാസ്,
ശങ്കരനിലയം,
ചെപ്പനം ബണ്ടിനു സമീപം,
പനങ്ങാട് പി.ഒ., കൊച്ചി – 682 506. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
സീനിയർ സൂപ്രണ്ട്,
സർവ്വെയും ഭൂരേഖയും വകുപ്പ്,
സർവ്വെ ഡയറക്ടറുടെ കാര്യാലയം,
വഴുതയ്ക്കാട്, തിരുവനന്തപുരം – 14.

2. അപ്പീൽ അധികാരി&
ഡെപ്യൂട്ടി ഡയറക്ടർ,
സർവ്വെയും ഭൂരേഖയും വകുപ്പ്,
സർവ്വെ ഡയറക്ടറുടെ കാര്യാലയം,
വഴുതയ്ക്കാട്, തിരുവനന്തപുരം – 14.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 07.08.2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 20.08.2019 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 28.08.2019 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 01.10.2019 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 07.10.2019 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 11.10.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 30.01.2020 കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.പി.പി.വിഷ്ണുദാസ്, 07.10.2016ന് സമർപ്പിച്ച അപ്പീൽ ഹർജി 11.10.2019ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.2257(2)/19/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിനും മറുപടി ലഭ്യമാക്കിയില്ലെന്നും ടിയാന് വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 07.08.2019ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 20.08.2019ന് മറുപടി നൽകിയതായും ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി 28.08.2019ന് സമർപ്പിച്ച ഒന്നാം അപ്പീലിന് 01.10.2019ന് മറുപടി നൽകിയതായും കാണുന്നു.

4. 30.11.2019ന് രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപേക്ഷയിൽ സർവ്വെയർമാരായ ശ്രീ.തമ്പിപോൾ, ശ്രീ.സതീഷ്കുമാർ എന്നിവർക്ക് നൽകിയ കാരണം കാണിക്കൽ നോട്ടീസിന്റെയും ആയതിന് ടി ജീവനക്കാർ നൽകിയ വിശദീകരണത്തിന്റെയും പകർപ്പുകളാണ് ആവശ്യപ്പെട്ടിരുന്നതെന്നും ടിയാൻ റവന്യൂ മന്ത്രിക്ക് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ നടത്തിയ സർവ്വെ വിജിലൻസ് അന്വേഷണ റിപ്പോർട്ട് പ്രകാരമാണ് ടി ജീവനക്കാർക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകിയതെന്നുമാണ്. ടി വിവരങ്ങൾ വ്യക്തിഗത വിവരങ്ങളായതിനാൽ വിവരാവകാശ നിയമം വകുപ്പ് 8(1)(ജെ) പ്രകാരം വിവരങ്ങൾ അനുവദിക്കാൻ നിർവ്വാഹമില്ലെന്നാണ്. തുടർന്ന് ഹർജിക്കാരൻ സമർപ്പിച്ച അപ്പീലും എസ്.പി.ഐ.ഒ.യുടെ ഫയലും ബന്ധപ്പെട്ട രേഖകളും ഉത്തരവുകളും മെമ്മോറാണ്ടവും സഹിതം പരിശോധിച്ചതിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ വിവരാവകാശ നിയമം വകുപ്പ് 8(1)(ജെ) യുടെ നിർവ്വചനത്തിൽ ഉൾപ്പെട്ടു വരുന്നതാണെന്ന് ബോധ്യപ്പെട്ടതിനാൽ വിവരാവകാശ നിയമത്തിന്റെ പ്രസക്തമായ ചട്ടങ്ങളും ബന്ധപ്പെട്ട കോടതി ഉത്തരവുകളും കേന്ദ്ര/സംസ്ഥാന വിവരാവകാശ

കമ്മീഷനുകളുടെ അനുബന്ധ ഉത്തരവുകളും സർക്കുലറുകളും പരിശോധി ച്ചാണ് അപ്പീൽ തീർപ്പാക്കിയതെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് സമയബ ന്ധിതമായി ഒന്നും രണ്ടും എതിർകക്ഷികൾ മറുപടി നൽകിയിട്ടുള്ളതായി കമ്മീഷനു ബോധ്യമാകുന്നു. അപ്പീൽ ഹർജിക്കാരൻ ഹീയറിംഗിനു ഹാജരാ കാൻ അസൗകര്യം രേഖപ്പെടുത്തി കത്തു നൽകിയിട്ടുണ്ടായിരുന്നു. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ഹർജിക്കാരൻ വ്യക്തിഗത വിവരങ്ങളാണ് ആവശ്യപ്പെട്ടിരുന്നതെന്നും ആയത് വിവരാവകാശ നിയമം 8(1)(ജെ) പ്രകാരം നൽകാൻ നിർവ്വാഹമില്ല എന്നുമാണ്. ഒന്നാം എതിർകക്ഷി യുടെ മൊഴിയുടെയും രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെയും അടിസ്ഥാ നത്തിൽ ഈ അപ്പീൽ ഹർജിയിൽ തുടർ നടപടി ആവശ്യമില്ലെന്നു വിലയിരുത്തി ഇന്നേദിവസം 2020 ഫെബ്രുവരി 22-ാം തീയതി കമ്മീഷൻ ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM